പതിനാലാം കേരള നിയമസഭ
9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1849 01.02.2018-ൽ മറുപടിയ്ക്ക്

# സി.ആർ.ഇസഡ്. മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഇളവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ് : | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സി.ആർ.ഇസഡ്. മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഇളവ് ഏതെല്ലാം പ്രവർത്തികൾക്കാണ് അനുവദിച്ചിട്ടുള്ളത്; | (എ) 2011 ജനുവരി 6 ലെ ഭാരതീയ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിൽ സി.ആർ.ഇസഡ് മേഖലകളെ നാലായി തരം തിരിച്ചിരിക്കുന്നു. പ്രസ്തുത മേഖലകളിൽ, ചുവടെ ചേർത്തിരിക്കുന്ന നിർമ്മാണ പ്രവർത്തികൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. |

**സി.ആർ.ഇസഡ് -I**

1.ആണവോർജ്ജ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ, ചുഴലി കൊടുങ്കാറ്റുകളുടെ നീക്കങ്ങൾ വിലയിരുത്തുന്നതിനും, ഭാരതീയ കാലാവസ്ഥ നീരീക്ഷണ വിഭാഗത്തിന്റെ കാലാവസ്ഥ പ്രവചനത്തിനുമായുള്ള കാലാവസ്ഥ റഡാർ സ്ഥാപിക്കൽ

2. ഡിസ്പെൻസറികൾ, സ്കൂളുകൾ, പൊതു മഴ മറകൾ, പൊതു ശൗചാലയങ്ങൾ, പാലങ്ങൾ, റോഡുകൾ, ബോട്ട് ജട്ടികൾ, ജല വിതരണത്തിനുള്ള സൗകര്യങ്ങൾക്കായുള്ള

കരുതൽ നടപടികൾ, അഴുക്ക ചാലുകൾ

3. നിർലവണീകരണ പ്ലാന്റുകൾ

4. വിജ്ഞാപിത തുറമുഖങ്ങളിൽ അപായകരമല്ലാത്ത ചരക്കുകളുടെ സൂക്ഷിപ്പ്

**<u>സി.ആർ.ഇസഡ് –II</u>**

1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുക, അവയുടെ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുക

2. ഡിസ്പെൻസറികൾ, സ്കൂളുകൾ, പൊതു മഴ മറകൾ, പൊതു ശൗചാലയങ്ങൾ പാലങ്ങൾ, റോഡുകൾ, ബോട്ട് ജട്ടികൾ, ജല വിതരണത്തിനുള്ള സാകര്യങ്ങൾക്കായുള്ള കരുതൽ നടപടികൾ അഴുക്ക ചാലുകൾ, നിർലവണീകരണ പ്ലാന്റുകൾ തുടങ്ങിയ-വയുടെ നിർമ്മാണം.

3. നിലവിലുള്ള പാതയിൽ നിന്നും കരയുടെ ഭാഗത്തേക്കോ അതോ നിലവിലുള്ള അംഗീകൃത നിർമ്മിതികളിൽ നിന്നും കരയുടെ ഭാഗത്തേക്കോ മാത്രമെ കെട്ടിടങ്ങൾ അനുവദിക്കുകയുള്ളു.

4. നിലവിലുള്ള തറ വിസ്തൃതി/സൂചിക/തറ വിസ്തൃതി അനുപാത മാനദണ്ഡങ്ങൾക്കനു-സൃതമായും, നിലവിലുള്ള ഉപയോഗത്തിൽ മാറ്റം വരുത്താതെയും അംഗീകൃത നിർമിതികൾക്ക് പുനർ നിർമ്മാണം അനുവദനീയമാണ്.

സി.ആർ.ഇസഡ് -III

1. മത്സ്യബന്ധന തൊഴിലാളി സമൂഹം അടങ്ങുന്ന പാരമ്പര്യ തീരദേശ സമൂഹത്തിൽ വേലിയേറ്റ രേഖയിൽ നിന്നും നൂറു മുതൽ ഇരുന്നൂറു മീറ്ററുകൾക്കുള്ളിൽ അവരുടെ നിവാസത്തിനായി 66m2 വരെയുള്ള പുതിയ നിർമ്മാണം നടത്താവുന്നതാണ്.

2. വികസന നിഷിദ്ധ മേഖല (എൻ.ഡി.ഇസഡ്) ൽ നിലവിലുള്ള തറ വിസ്തൃതിയിൽ കവിയാത്തവിധത്തിൽ പുനർനിർമ്മാണം അനുവദനീയമാണ്.

3. ഡിസ്പെൻസറികൾ, സ്കൂളുകൾ, പൊതു മഴ മറകൾ, പൊതു ശൗചാലയങ്ങൾ, പാലങ്ങൾ, റോഡുകൾ ബോട്ട് ജട്ടികൾ, ജല വിതരണത്തിനുള്ള സൗകര്യങ്ങൾക്കായുള്ള കരുതൽ നടപടികൾ, അഴുക്ക ചാലുകൾ, സെമിത്തേരികൾ, ശ്മശാനങ്ങൾ, വൈദ്യുതി ഉപകേന്ദ്രങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം

4. തദ്ദേശ മത്സ്യതൊഴിലാളി സമൂഹത്തിനു ആവശ്യമായ സൗകര്യങ്ങളായ മീനുണക്കൽ കളങ്ങൾ, ലേല കേന്ദ്രങ്ങൾ, വല നന്നാക്കൽ കളങ്ങൾ, പരമ്പരാഗത വഞ്ചി നിർമ്മാണ കളങ്ങൾ, ഐസ് പ്ലാന്റുകൾ, ഐസ് പൊടിക്കൽ യൂണിറ്റുകൾ, മത്സ്യ സംസ്കരണ സൗകര്യങ്ങൾ മുതലായവയുടെ നിർമ്മാണം.

200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ ഹോട്ടലുകളോ കടൽ തീര റിസോർട്ടുകളോ നിർമ്മിക്കാവുന്നതാണ്.

**സി.ആർ.ഇസഡ് -IV**

1. തദ്ദേശ മത്സ്യതൊഴിലാളി സമൂഹത്തിനു ആവശ്യമായ സൗകര്യങ്ങളായ മീനുണക്കൽ കളങ്ങൾ, ലേല കേന്ദ്രങ്ങൾ, വല നന്നാക്കൽ കളങ്ങൾ, പരമ്പരാഗത വഞ്ചി നിർമ്മാണ കളങ്ങൾ, ഐസ് പ്ലാന്റുകൾ, ഐസ് പൊടിക്കൽ യൂണിറ്റുകൾ, മത്സ്യ സംസ്കരണ സൗകര്യങ്ങൾ മുതലായവയുടെ നിർമ്മാണം.

(ബി) മത്സ്യതൊഴിലാളികൾക്കുള്ള സർക്കാർ കെട്ടിടങ്ങൾ, ടൂറിസം പ്രവർത്തികൾ, ആശുപത്രികൾ, ഫയർസ്റ്റേഷൻ, ഫയർ ബോട്ട് തുടങ്ങിയവയ്ക്കുള്ള സർക്കാർ നിർമ്മാണത്തിനും ഇളവ് അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(ബി) സി.ആർ.ഇസഡ് - III മേഖലയിൽ മത്സ്യബന്ധന തൊഴിലാളി സമൂഹം അടങ്ങുന്ന പാരമ്പര്യ തീരദേശ സമൂഹത്തിൽ വേലിയേറ്റ രേഖയിൽ നിന്നും നൂറു മുതൽ ഇരുന്നൂറു മീറ്ററുകൾക്കുള്ളിൽ അവരുടെ നിവാസത്തിനായി 66m2 വരെയുള്ള പുതിയ നിർമ്മാണം നടത്താവുന്നതാണ്. കൂടാതെ, തദ്ദേശ മത്സ്യതൊഴിലാളി സമൂഹത്തിനു ആവശ്യമായ സൗകര്യങ്ങളായ മീനുണക്കൽ കളങ്ങൾ, ലേല കേന്ദ്രങ്ങൾ, വല നന്നാക്കൽ കളങ്ങൾ, പരമ്പരാഗത വഞ്ചി നിർമ്മാണ കളങ്ങൾ, ഐസ് പ്ലാന്റുകൾ, ഐസ് പൊടിക്കൽ യൂണിറ്റുകൾ, മത്സ്യ സംസ്കരണ സൗകര്യങ്ങൾ മുതലായവയുടെ നിർമ്മാണവും, 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ ഹോട്ടലുകളോ കടൽ തീര റിസോർട്ടുകളോ നിർമ്മിക്കാവുന്നതുമാണ്. സി.ആർ.ഇസഡ് -IV മേഖലയിൽ തദ്ദേശ

മത്സ്യതൊഴിലാളി സമൂഹത്തിനു ആവശ്യ-മായ സൗകര്യങ്ങളായ മീനുണക്കൽ കളങ്ങൾ, ലേല കേന്ദ്രങ്ങൾ, വല നന്നാക്കൽ കളങ്ങൾ, ഐസ് പ്ലാന്റുകൾ, ഐസ് പൊടിക്കൽ യൂണിറ്റുകൾ, മത്സ്യ സംസ്കരണ സൗകര്യങ്ങൾ മുതലായവയുടെ നിർമ്മാണം നടത്താവുന്നതാണ്. ഡിസ്പെൻസറികൾ, സി. ആർ. ഇസഡ് I,II,III മേഖലകളിൽ അനുവദനീയമാണ്.

ഫയർ സ്റ്റേഷനും അതിനോടനു-ബന്ധിച്ചുള്ള പ്രവർത്തികളും അനുവദ-നീയമല്ല.

സെക്ഷൻ ഓഫീസർ